പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1197** **03.12.2018-ൽ മറുപടിക്ക്**

**തലശ്ശേരി -വളവുപാറ കെ.എസ്.റ്റി.പി റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലശ്ശേരി - വളവുപാറ കെ.എസ്.റ്റി.പി റോഡ് നിർമ്മാണം ഏത് ഘട്ടത്തിൽ ആണ്; എരഞ്ഞോളി, ഇരിട്ടി, കൂട്ടുപുഴ പാലങ്ങളുടെ നിർമ്മാണ തടസ്സങ്ങൾ എന്തെല്ലാം; | (എ) തലശ്ശേരി - വളവുപാറ റോഡ് രണ്ടു പാക്കേജുകളായിട്ടാണ് കെ.എസ്.റ്റി.പി നടപ്പിലാക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജായ തലശ്ശേരി - കളറോഡ് റോഡിന്റെ പ്രവൃത്തി പുരോഗതി 50 ശതമാനവും രണ്ടാമത്തെ പാക്കേജായ കളറോഡ് - വളവുപാറ റോഡിന്റെ പ്രവൃത്തി പുരോഗതി 72 ശതമാനവുമാണ്. എരഞ്ഞോളി പാലത്തിന്റെ പ്രവൃത്തികളുള്ള തടസ്സങ്ങളെല്ലാം നീങ്ങി. പുതുക്കിയ ഡിസൈൻ അനുസരിച്ച് പണി ആരംഭിക്കാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂട്ടുപുഴ പാലത്തിന്റെ കേരള ഭാഗത്തിന്റെ രണ്ടു സ്പാനുകളുടെ പണി പൂർത്തിയായി. കർണ്ണാടക ഭാഗത്തെ പണികൾക്ക് കർണ്ണാടക ഫോറസ്റ്റ് വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിനായി ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇരിട്ടി പാലം പണിക്ക് തടസ്സം ഒന്നുമില്ല. |
| (ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും; വ്യക്തമാക്കാമോ? | (ബി) i].തലശ്ശേരി - കളറോട് റോഡിന്റെ നിർമ്മാണം (എരഞ്ഞോളി പാലം ഒഴികെ) 2019 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>ii].കളറോഡ് - വളവുപാറ റോഡിന്റെ നിർമ്മാണം (ഇരിട്ടി, കൂട്ടുപുഴ പാലങ്ങൾ ഒഴികെ) 2019 ജനുവരിയോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ